ധനമന്ത്രിയുടെ പത്രക്കുറിപ്പ് 2016 ജനുവരി 7

# നോട്ടുനിരോധത്തെപ്പറ്റി ധനമന്ത്രി രചിച്ച പുസ്തകം ഇന്ന് യെച്ചൂരി പുനഃപ്രകാശനം ചെയ്യും

ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ "കള്ളപ്പണവേട്ട: മിഥ്യയും യാഥാർത്ഥ്യവും" എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് ഇന്നു (ജനുവരി 8) വൈകിട്ടു 3 ന് ഹോട്ടൽ ഹൈസിന്തിൽ സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പ്രകാശനം ചെയ്യും. വിവിധ വർഗ്ഗബഹുജനസംഘടനാനേതാക്കൾ ഏറ്റുവാങ്ങും. (യെച്ചൂരിയുടെ വാർത്താസമ്മേളനത്തിന്റെ മുന്നോടിയായിട്ടാകും പ്രകാശനം)

നോട്ടുനിരോധത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്യുന്ന പുസ്തകം ഡിസംബർ 27നാണ് ആദ്യപതിപ്പു പ്രകാശനം ചെയ്തത്. ആദ്യദിവസങ്ങളിൽത്തന്നെ മുഴുവൻ വിറ്റു തീർന്നതിനാൽ ഒരാഴ്ചയ്ക്കകംതന്നെ രണ്ടാം പതിപ്പു തയ്യാറാക്കുകയായിരുന്നു. കാര്യങ്ങൾ നേരെയാവാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ട 50 ദിവസം അവസാനിച്ചശേഷമുള്ള സ്ഥിതിവിശേഷംകൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ചതാണ് പുതിയ പതിപ്പ്.

കള്ളപ്പണം പിടികൂടാൻ നോട്ടുനിരോധം ആവശ്യമില്ലായിരുന്നുവെന്നും ആവശ്യമായിരുന്നെങ്കിൽത്തന്നെ ഇന്നത്തെമാതിരി ജനങ്ങളെ പീഡിപ്പിക്കാതെ അതു ചെയ്യാമായിരുന്നുവെന്നും ഐസക്ക് പുസ്തകത്തിൽ സമർത്ഥിക്കുന്നു. സഹകരണമേഖലയിൽ ഈ നടപടി സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയെയും പരിഹാരങ്ങളെയും പറ്റിയും ഇതിൽ പ്രത്യേകം ചർച്ച ചെയ്യുന്നുണ്ട്.

കള്ളപ്പണത്തെയും അതു തടയാനുള്ള മാർഗ്ഗങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന പുസ്തകത്തിൽ കാഷ്‌ലെസ് സമ്പദ്ഘടനയുടെ സവിശേഷതകൾ, നോട്ടുനിരോധം ഇൻഡ്യയെ പൊതുവിലും കേരളത്തെ വിശേഷിച്ചും എങ്ങനെബാധിക്കുന്നു, ഇപ്പോഴത്തെ

പ്രതിസന്ധിയും ദുരിതങ്ങളും പരമാവധി ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയൊക്കെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ചോദ്യോത്തരരൂപത്തിൽ തയ്യാറാക്കിയ പുസ്തകത്തിനു പത്ത് അദ്ധ്യായങ്ങളുണ്ട്. മന്ത്രി നടത്തിയ ഫേസ്ബുക്ക് ലൈവുകളിൽ വന്ന ചോദ്യങ്ങളും സമൂഹമാദ്ധ്യമങ്ങളിൽ കമന്ററായും മറ്റും വന്ന ചോദ്യങ്ങളും പലരും മന്ത്രിയോടു ഫോണിലും നേരിട്ടും ചോദിച്ച ചോദ്യങ്ങളുമൊക്കെ പരിശോധിച്ച് അവയിൽനിന്നു തെരഞ്ഞെടുത്ത 53 ചോദ്യവും ഉത്തരവുമാണ് ഉള്ളത്.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ചികിത്സയ്ക്കിടെ ആദ്യത്തെ ഒരാഴ്ച എടുത്താണു പുസ്തകരചന നടത്തിയത്. വിശ്രമം അനിവാര്യമായ ചികിത്സാവേളയിൽ അതു മറികടന്നു പുസ്തകരചന നടത്താൻ അനുവദിച്ചത് തന്റെ പ്രകൃതം അറിയാവുന്ന വൈദ്യശാലയുടെ മേധാവി ഡോ. പി.കെ. വാര്യരാണെന്ന് ഐസക്ക് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പി.കെ. വാര്യർക്കാണു പുസ്തകം സമർപ്പിച്ചിരിക്കുന്നത്. ചിന്ത പബ്ലിഷേഴ്സാണു പ്രസാധകർ.